കേരളീയം

# ജനകീയ ജലാധികാരം

## കേരളത്തിലെ ജലവിനിയോഗം ജനാധികാരപരമാക്കാൻ ഭരണ സ്ഥാപനങ്ങളും, വിദഗ്ദ്ധസ്ഥാപനങ്ങളും, കോടതികളും, രാഷ്ട്രീയ പാർട്ടികളും അശക്തമാകുമ്പോൾ പ്രശ്നബാധിതരും പ്രതിരോധ പ്രവർത്തകരും ചെയ്യേണ്ട ജനകീയ പ്രവർത്തനങ്ങൾ എന്ത് ?

കേരളപ്പിറവിയുടെ 50-ാം വർഷം ആഘോഷിക്കുകയാണല്ലോ. കേരളവു മായി ബന്ധപ്പെട്ട് ജീവിക്കുന്നവർ കൂട്ടമായി അനുഭവിക്കുന്ന പ്രശ്നങ്ങളുടെ ഒരു വിലയിരുത്തൽ മുഹൂർത്തമായി ഈയവസരത്തെ കാണുമ്പോൾ മുഖ്യമായി കടന്നുവരുന്ന ഒന്ന് കേരള ത്തിലെ ജലപ്രശ്നമാണ്. കേരളത്തിലെ ജലപ്രശ്നത്തിൽ ഉപരിജലത്തിന്റെയും ഭൂജലത്തിന്റെയും വിനിയോഗ ത്തിന്റെയും മലിനീകരണ ത്തിന്റെയും സംരക്ഷണ ത്തിന്റെയും പ്രശ്നങ്ങൾ അടങ്ങിയിട്ടുണ്ട്. മാത്രമല്ല ജലപ്രശ്ന ങ്ങൾ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവു മായി ഇടകലർന്നവയു മാണ്. കേരളത്തിലെ ജലസമൃദ്ധി ഒരു തർക്കവിഷയമായി കരുതുന്നില്ലെങ്കിൽ കേരളത്തിലെ ജലപ്രശ്നം ജലഭരണത്തിന്റെ പ്രശ്നമാണ് എന്ന് പറയാം. കേരളത്തിൽ ലഭ്യമായ ജലം എങ്ങിനെ ഉപയോഗിക്ക പ്പെടണമെന്ന് തീരുമാനിക്കേണ്ടത് എങ്ങിനെയായിരിക്കണം എന്നതാണ് കേരളത്തിലെ ജലഭരണപ്രശ്നം. അങ്ങനെ നോക്കുമ്പോൾ കേരളത്തിലെ ജലപ്രശ്നം മുഖ്യമായും ജലരാഷ്ട്രീയപ്രശ്നം തന്നെ യാണ്.

50 വർഷത്തെ ജനാധിപത്യ ഭരണപാരമ്പര്യം നേടിയ കേരളത്തിൽ ജല സമരങ്ങൾ നിത്യസംഭവമാണെന്നത് കേരളത്തിലെ ജലരാഷ്ട്രീയം ജനാധിപത്യ വൽക്കരിക്ക പ്പെട്ടിട്ടില്ലായെന്നാണല്ലോ സാക്ഷ്യപ്പെടുത്തുന്നത്. കേരളപ്പിറവിക്ക് മുൻപേ ആരംഭിച്ച തിരുവനന്തപുരത്തെ ടൈറ്റാനിയം മലിനീകരണ വിരുദ്ധ സമരം തൊഴിലവസര ത്തിന്റെ പേരിൽ ഒറ്റുകൊടുക്കപ്പെട്ടെത്രെ. 50 വർഷത്തോ ളമായി തുടരുന്ന ഏലൂർ മലിനീകരണപ്രശ്നം പരിഹാര സാധ്യതകൾ നൽകാതെ നീണ്ടുപോകുന്നു. വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയിലെ ജലമലിനീകരണപ്രശ്നം ബുദ്ധിമാന്ദ്യം ബാധിച്ച കുട്ടികളുടെ ജന്മംകണ്ട് ഞെട്ടാൻ കാത്ത് കിടക്കുന്നുവത്രെ. ആലപ്പുഴയിലെ കയർ ഫാക്ടറി കൾ കൊണ്ടുള്ള ഭൂജലമലിനീകരണം സുപ്രീംകോടതി കമ്മറ്റിയ്ക്ക് ബോദ്ധ്യമായെങ്കിലും പരിഹരിക്കപ്പെടുന്നില്ല. കൈനൂരിലെ ഭൂജലമലിനീകരണം രാഷ്ട്രീയ കപടനാട്യ ങ്ങൾ വെളിപെടുത്തി ക്കൊണ്ട് മരിക്കാനൊരുങ്ങുന്നു. പാലക്കാട് പുതുശ്ശേരിയിലെ പെപ്പ്സിക്ക് എതിരെ ഇടതുപക്ഷകക്ഷികൾ സമരം നടത്തുന്നത് കേരളീയർ അറിയുന്നു പോലുമില്ല. ആഗോളവത്ക്കരണ ആധിപത്യ വിരുദ്ധതയുടെ പേരിൽ ലോകശ്രദ്ധ നേടിയ പ്ളാച്ചിമട സമരം കേരളത്തിലെ ഇടതു-വലതുപക്ഷ പ്രസ്ഥാന ങ്ങളുടെ പിന്തുണ നേടിയിട്ടും ഭരണസ്ഥാപനങ്ങളുടെയും രാഷ്ട്രീയപാർട്ടികളുടെയും പ്രതിരോധപ്രവർത്ത കരുടെയും അശക്തിക്ക് സ്മാരകമായികൊണ്ടിരിക്കുന്നു.

പ്ളാച്ചിമട സംഭവം അൽപം കൂടി വിശദമായി നോക്കുക: പ്ളാച്ചിമടയിലെ പ്രദേശവാസികൾ ഉപജീവനാവാശ്യങ്ങൾക്ക് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ജലം കൊള്ളചെയ്തതു കൊണ്ടാണ് ലാഭവർദ്ധനവിന് വേണ്ടി കോക്കകോള കമ്പനി കോള ഉൽപാദിപ്പിക്കാൻ ഉപയോഗിക്കുന്നത്. മാത്രമല്ല, കേരളത്തിലെ ഏറ്റവും ദരിദ്രരായ ജനവിഭാഗങ്ങളുടെ കുടിവെള്ളം മലിനപ്പെടു ത്തിയാണ് സമ്പന്നരുടെ ആഘോഷത്തിനായുള്ള കോളപാനീയങ്ങൾ തയ്യാറാക്കപ്പെടുന്നത്. പ്ളാച്ചിമട സമരത്തെ തുടർന്ന് പെരുമാട്ടി ഗ്രാമപഞ്ചായത്ത് ജലചൂഷണത്തിന്റെയും ജല മലിനീകരണത്തിന്റെയും പേരിൽ കമ്പനിയുടെ ലൈസൻസ് റദ്ദ്ചെയ്ത് ജല ത്തിന്റെ മേലുള്ള ജനാധികാരം പ്രയോഗിക്കാനാരംഭിച്ചപ്പോൾ കേരള ഹൈക്കോടതിയും ജലവിഭവ ഗവേഷണ വിക സന കേന്ദ്രവും ചേർന്ന് വ്യവസായ വികസന നിക്ഷിപ്ത താല്പര്യങ്ങൾക്ക് വിധേയമായിക്കൊണ്ട് കോർപ്പറേറ്റ് കമ്പനികളെ സഹായിക്കുകയാണ് ചെയ്തത്. ജനങ്ങളുടെ യാതനകൾ പരിഹരിക്കാൻ പ്രതിജ്ഞാബദ്ധരായ മുഖ്യ രാഷ്ട്രീയ സംഘടനകൾ എല്ലാം പ്ളാച്ചിമട സമരത്തെ പിന്തുണച്ചു കഴിഞ്ഞുവെങ്കിലും ജലം പോലുള്ള വിഭവ ങ്ങൾ കോർപ്പറേറ്റ് അത്യാഗ്രഹികൾ കൊള്ളചെയ്യുന്നതും മലിനപ്പെടുത്തുന്നതും തടയുവാൻ നിയമസഭയിൽ നടപടികൾ എടുത്തുകാണുന്നില്ല.

കേരളത്തിലെ ജനാധിപത്യത്തിന്റെ 50 പിറന്നാളിലും കുടിവെള്ളം പോലുള്ള അടിസ്ഥാന വിഭവങ്ങൾ കോർപ്പ റേററ് അത്യാഗ്രഹികൾ കൊള്ളചെയ്യുകയും മലിനപ്പെടു ത്തുകയും ചെയ്യുന്നത് തടയുവാൻ ഭരണസ്ഥാപനങ്ങൾ അശക്തമാകുമ്പോൾ പ്രശ്നബാധിതരായ ജനങ്ങളും സാമൂഹിക പ്രതിബദ്ധത അംഗീകരിക്കുന്ന പ്രതിരോധ പ്രവർത്തകരും ചെയ്യേണ്ട പ്രവർത്തനങ്ങളെന്ത് എന്ന് കേരളീയം 2006 നവംബർ ലക്കം അന്വേഷിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

ജനാധികാരം യാഥാർത്ഥ്യമാക്കാൻ ജനങ്ങൾ ചെയ്യേ ണ്ടത് എന്ത് എന്ന അടിസ്ഥാനചോദ്യം മാത്രമാണിത്. അതുകൊണ്ട് കേരളീയത്തിന്റെ നവംബർ 2006 ലക്കത്തെ 'ജനകീയ ജലാധികാര പതിപ്പ്" എന്ന് നാമകരണം ചെയ്യുന്നു.

തുടരുന്ന ഈ വിഷയത്തിലേയ്ക്ക് താങ്കളുടെ പ്രതികരണം ക്ഷണിക്കുന്നു - കേരളീയം പ്രവർത്തകർ

പത്രാധിപർ : പ്രമോദ്; ഏകോപനം : റോബിൻ ടൈപ്പ് സെറ്റിങ്ങ് : മൗസ് ആന്റ് മൈന്റ്സ്, തൃശൂർ. കവർ ചിത്രീകരണം : വി.മോഹനൻ
സാങ്കേതിക സഹായം : എൻ.ചന്ദ്രൻ, പി.എ.അശോകൻ, പി.ടി.എം.ഹുസൈൻ, ഡോ.ബേബി എ.എ., വി.എം.ഗിരിജ, ഷീബ അമീർ, പൂജ, തോമസ്, എസ്. ലിമ, അജിലാൽ, മധുരാജ്, എൻ.പി. ജോൺസൺ, ചിറ്റൂർ ഷണ്മുഖദാസ്, വി.എസ്. ഗിരീശൻ, റഫീഖ് അഹമ്മദ് സി.ആർ. നീലകണ്ഠൻ, കെ.എ. സമദ്, എസ്. സുനിൽകുമാർ, അഡ്വ. ആശ, മേഘ, ഡോ. ലത, കെ.എസ്. സുബിദ്, രമേഷ്, ശ്രീനിവാസൻ ചൂരക്കാട്ടുകര, എം. മോഹൻദാസ്, ഡോ. എം.എച്ച്. ഇല്യാസ്, റഫീഖ് വൈപ്പിപ്പാടത്ത്. പി. സുന്ദർരാജ്